**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് & ഗ്രാമവികസനം - ജീവനക്കാര്യം -ശ്രീ.ജസ്റ്റിൻ.പി.എ, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, കഞ്ഞിക്കുഴി ബ്ലോക്ക്, ശ്രീ.സിജോ ജോസഫ്, എൽ.ഡി.ക്ലർക്ക്, കഞ്ഞിക്കുഴി ബ്ലോക്ക് എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

സ.ഉ(സാധാ)നമ്പർ.1875/2016/തസ്വഭവ. തിരുവനന്തപുരം, തീയതി,08.06.2016

---

പരാമർശം : 1. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 8.10.2013 ലെ നം.E4(SC9/13/ALP) 24982/2013 നമ്പർ കത്ത്.

2. ശ്രീ.ജസ്റ്റിൻ.പി.എ, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ശ്രീ.സിജോ ജോസഫ്, എൽ.ഡി.ക്ലർക്ക് എന്നിവർക്കെതിരെയുള്ള 10.01.2014-ലെ 72350/ഇആർബി3/2013/ തസ്വഭവ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.

3. ശ്രീ.ജസ്റ്റിൻ.പി.എ, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ശ്രീ.സിജോ ജോസഫ്, എൽ.ഡി.ക്ലർക്ക് എന്നിവർ സമർപ്പിച്ച പ്രതിവാദപത്രികകൾ.

4. ഗ്രാമവികസന കമ്മീഷണറുടെ 9.12.2015 ലെ 11996/എസ്റ്റാഎ 2/ 13/സിആർഡി. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറൊ, കോട്ടയം യൂണിറ്റ്, കഞ്ഞിക്കുഴി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിൽ നടത്തിയ പരിശോധനയിൽ, കേന്ദ്ര സർക്കാർ പദ്ധതിയായ പൈക്ക പദ്ധതിയുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ കണ്ടെത്തുകയും ടി ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടിയെടുക്കുന്നതിന്

പരാമർശം (1) പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ, കഞ്ഞിക്കുഴി ബ്ലോക്ക് ഡവലപ് മെന്റ് ഓഫീസറായിരുന്ന ശ്രീ.പി.എ.ജസ്റ്റിൻ, മുൻ എൽ.ഡി.ക്ലാർക്കായിരുന്ന ശ്രീ.സിജോ ജോസഫ് എന്നിവർക്ക് പരാമർശം (2) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകുകയും. പരാമർശം (3) പ്രകാരം ടി ഉദ്യോഗസ്ഥർ പ്രതിവാദ പത്രിക സമർപ്പിക്കുകയുമുണ്ടായി.

ശ്രീ. സിജോ ജോസഫ് സമർപ്പിച്ച പ്രതിവാദ പത്രികയിൽ, പൈക്ക പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ ഫയൽ കൈകാര്യം ചെയ്തിരുന്നതും സൂക്ഷിച്ചിരുന്നതും ഓഫീസിലെ MLA, SDF, MPLADS, N/C Flood, NREGS തുടങ്ങിയവ കൈകാര്യം ചെയ്തിരുന്ന യു.ഡി.ക്ലാർക്കായ ശ്രീ.പി.എ.ബാബുവായിരുന്നുവെന്നും ആയതിനാൽ പ്രവൃത്തിയുടെ പേമെന്റ് സംബന്ധിച്ച വിവരം ഒന്നും തന്നെ തന്റെ ശ്രദ്ധയിൽ പ്പെട്ടിരുന്നില്ലായെന്നും 16.06.2010 മുതൽ 14.11.2012 വരെയുള്ള കാലയളവിൽ പൈക്ക പദ്ധതിയുമായി ബന്ധപ്പെട്ട ഒരു പ്രവൃത്തിക്ക് മാത്രമാണ് പാർട്ട് ബിൽ തയ്യാറാക്കി കൺവീനർക്ക് നൽകിയിട്ടുള്ളതെന്ന് കഞ്ഞിക്കുഴി ബ്ലോക്ക് ഡെവലപ് മെന്റ് ഓഫീസിൽ അന്വേഷിച്ചതിൽ അറിയാൻ കഴിഞ്ഞിട്ടുണ്ടെന്നും കൂടാതെ ആർത്തുങ്കൽ സെന്റ് ഫ്രാൻസിസ് ഹൈസ്കൂൾ പ്ലേ ഗ്രൌണ്ട് നിർമ്മാണം എന്ന പ്രവൃത്തിയുടെ ബിൽ തയ്യാറാക്കി എം.ബുക്കിൽ രേഖപ്പെടുത്തലുകൾ വരുത്തി ചെക്കെഴുതി കൺവീനർക്ക് 1,00,817/- രൂപ നൽകിയത് യു.ഡി.ക്ലർക്ക് ശ്രീ.പി.എ.ബാബുവാണെന്നും, എന്നാൽ പ്രവൃത്തിയുടെ ബില്ലിൽ KVAT, KCWWF, Income Tax എന്നിവ ഇനത്തിൽ കുറവ് ചെയ്തിരുന്ന തുകയുള്ള ചെക്കുകൾ ബന്ധപ്പെട്ട വകുപ്പുകളിലേയ്ക്ക് നൽകുന്നതിനായി എഴുതിയിരുന്നില്ലായെന്നും പ്രവൃത്തിയുടെ ബില്ലിൽ KVAT ഇനത്തിൽ 4925/-

രൂപയും KCWWF ഇനത്തിൽ 1219/- രൂപയും Income Tax ഇനത്തിൽ 2755/- രൂപയും റീടെൻഷൻ ഇനത്തിൽ 12,191/- രൂപയും ഉൾപ്പെടെ ആകെ 21,090/- രൂപ കുറവ് ചെയ്തിരുന്നുവെന്നും ഇതിൽ റീടെൻഷൻ ഇനത്തിലുള്ള 12,191/- രൂപ കിഴിച്ച് ആകെ 8899/- രൂപ മാത്രമാണ് ബന്ധപ്പെട്ട വകുപ്പുകളിലേയ്ക്ക് അടയ്ക്കുവാനുണ്ടായിരുന്നതെന്നും പൈക്ക പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ ഫയൽ കൈകാര്യം ചെയ്തിരുന്നതും സൂക്ഷിച്ചിരുന്നതും യു.ഡി.ക്ലാർക്കായ ശ്രീ.പി.എ.ബാബുവായിരുന്നതിനാലും 14.11.2012-ന് ശേഷം ടിയാൻ കഞ്ഞിക്കുഴി ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസിൽ ജോലിയിൽ ഇല്ലാതിരുന്നതിനാലും KVAT, KCWWF, Income Tax എന്നിവ ഇനത്തിൽ കുറവ് ചെയ്തിരുന്ന തുക ബന്ധപ്പെട്ട വകുപ്പുകളിലേയ്ക്ക് അടയ്ക്കുവാനുണ്ടെന്നുള്ള വിവരം ടിയാൻ അറിഞ്ഞിരുന്നില്ലെന്നും പൈക്ക പദ്ധതിയുമായി ബന്ധപ്പെട്ട് സാമ്പത്തിക ക്രമക്കേടുകൾ ഒന്നും തന്നെ ടിയാൻ നടത്തിയിട്ടില്ലായെന്നും ടിയാന്റെ ഭാഗത്തു നിന്ന് എന്തെങ്കിലും വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ ടിയാന് മാപ്പ നൽകി കുറ്റവിമുക്തനാക്കണമെന്നും ബോധിപ്പിച്ചിട്ടുണ്ട്.

വിജിലൻസ് പരിശോധന സമയത്ത്, കഞ്ഞിക്കുഴി ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസിൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ എഴുതി സൂക്ഷിച്ചിരുന്നില്ലായെന്നും എന്നാൽ ഇപ്പോൾ പ്രസ്തുത രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടെന്നും പരിചയക്കുറവു മൂലമുണ്ടായ ഈ തെറ്റ് മാപ്പാക്കി കുറ്റവിമുക്തനാക്കണമെന്നും ശ്രീ.പി.എ.ജസ്റ്റിൻ തന്റെ പ്രതിവാദ പത്രികയിൽപ്പറയുന്നു.

പ്രതിവാദ പത്രികയിന്മേലുള്ള റിപ്പോർട്ട് പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ സമർപ്പിച്ചിരുന്നു. ആലപ്പുഴ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) 18.09.2015 തീയതിയിൽ കഞ്ഞിക്കുഴി

ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിൽ നേരിട്ട് നടത്തിയ അന്വേഷണത്തിൽ 05.07.2013 മുതൽ ആരംഭിച്ചതായുള്ള ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ മാത്രമേ ലഭ്യമായിട്ടുള്ളൂ എന്നും ഇതിൽ നിന്നും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ മിന്നൽ പരിശോധന നടന്ന 03.07.2013-ൽ പ്രസ്തുത രജിസ്റ്റർ ഉണ്ടായിരുന്നില്ലായെന്നും അനുമാനിക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ നിന്നും ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ എന്ന നിലയിൽ ശ്രീ.ജസ്റ്റിൻ.പി.എ.യുടെ ഭാഗത്തു നിന്നും സൂപ്പർ വൈസറി ലാപ്സ് സംഭവിച്ചതായി മനസ്സിലാക്കാൻ സാധിക്കുന്നുവെന്നും ടിയാന്റെ ഭാഗത്തു നിന്നുമുണ്ടായ മനപൂർവ്വമല്ലാത്തതായ ടി പിഴവ് പരിഗണിച്ച് മൈനർ ശിക്ഷ നൽകി അച്ചടക്ക നടപടി തീർപ്പാക്കാവുന്നതാണെന്ന് ഗ്രാമവികസന കമ്മീഷണർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

കൂടാതെ ആലപ്പുഴ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറുടെ 25.11.2015-ലെ റിപ്പോർട്ട് പ്രകാരം പൈക്ക സ്കീം പ്രകാരം നടത്തിയ പ്രവൃത്തിയിൽ KVAT - 4925/- + KCWWF - 1219/- + Income Tax 2755/- എന്നീ ഇനങ്ങളിലുള്ള തുകകൾ അടച്ചിട്ടില്ലായെന്നും മേൽ കാലയളവിൽ ഈ വിഭാഗം കൈകാര്യം ചെയ്തിരുന്നത് ശ്രീ.സിജോ ജോസഫ് ആയിരുന്നില്ലയെന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ എന്ന നിലയിൽ ശ്രീ.ജസ്റ്റിൻ.പി.എ.യുടെ ഭാഗത്തു നിന്നും സൂപ്പർ വൈസറി ലാപ്സ് സംഭവിച്ചിട്ടുള്ള സാഹചര്യത്തിൽ ടിയാനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി, ടിയാന് 'സെൻഷ്വർ' നൽകിക്കൊണ്ടും, പൈക്ക സ്കീം പ്രകാരം നടത്തിയ പ്രവൃത്തിയുടെ

കാലയളവിൽ ഈ വിഭാഗം കൈകാര്യം ചെയ്തത് ശ്രീ.സിജോ ജോസഫ് ആയിരുന്നില്ല എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ സ്വീകരിച്ച അച്ചടക്കനടപടിയിൽ നിന്നും ടിയാനെ കുറ്റവിമുക്തനാക്കിക്കൊണ്ടും, ഉത്തരവ് പുറപ്പെടുവിക്കുന്നു..

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ഡേവിഡ് മിൽട്ടൺ
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ.ജസ്റ്റിൻ.പി.എ, ബ്ലോക്ക് ഡെവലപ് മെന്റ് ഓഫീസർ, കഞ്ഞിക്കുഴി ബ്ലോക്ക്,
ശ്രീ.സിജോ ജോസഫ്, എൽ.ഡി.ക്ലർക്ക്, കഞ്ഞിക്കുഴി ബ്ലോക്ക്
(ഗ്രാമവികസന കമ്മീഷണർ മുഖേന)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ), കേരള, തിരുവനന്തപുരം
വിജിലൻസ്(ഇ)വകുപ്പ്(11376/E3/13/Vig.dt.11.11.2013 )
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഒഎസ്) വകുപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ